# പ്രബോധനം മുൻഗണനക്രമം; പ്രവാചകന്മാരുടെ മാതൃകയിൽ

അബ്ദുറസാക് സ്വലാഹി

ആദം(ﷺ) മുതൽ അന്തിമ പ്രവാചകനായ മുഹമ്മദ് (ﷺ) വരെയുള്ള പ്രവാചകന്മാർ അഖിലവും വിത്യസ്തമായ ജനതയിലേക്ക് നിയോഗിക്കപ്പെട്ടവരായിരുന്നുവെങ്കിലും അവരുടെ മുഴുവൻ ആദർശവും, മതവും ഒന്നായിരുന്നു. (ബുഖാരി ഹദീസ് നമ്പർ–3443 കാണുക.)

പ്രവാചകന്മാർക്കിടയിൽ ഉണ്ടായിരുന്ന ഈ ഐക്യം കാല കാലങ്ങളിലുള്ള പ്രബോധകന്മാരും മാതൃകയായി സ്വീകരിച്ചാൽ സമൂഹത്തിലെ ഛിദ്രതകൾ ഇല്ലായ്മ ചെയ്ത് ഐക്യം നിലനിർത്താൻ സാധിക്കുമെന്നതാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്. (വി. ഖു.21:92 കാണുക)

സത്യത്തിൽ പ്രബോധന രംഗങ്ങളിൽ സ്വീകരിക്കേണ്ട മുൻഗണന ക്രമം ഏതിനാണ് എന്ന് ഗവേഷണം നടത്താൻ പാടില്ല . പ്രബോധന രംഗങ്ങളിൽ ഗവേഷണം നടത്തൽ അനുവദനീയമായതും അത് പാടില്ലാത്തതുമായ കാര്യങ്ങളുണ്ട്. എന്നാൽ ഈ രംഗത്ത് നാം സ്വീകരീക്കേണ്ടത് മാനുഷിക ഗവേഷണങ്ങളിൽ കൂടിയല്ല. മറിച്ച്, ദൈവീക സന്ദേശത്തിലൂടെ ആ മാർഗം കാണിച്ചു തന്ന പ്രവാചകന്മാരുടെ സരണിയായിരിക്കണം. പ്രവാചകൻ മുഹമ്മദ്(ﷺ)യോടു പോലും ആ മാർഗം പിന്തുടരാനാണ് ഖുർആൻ കൽപ്പിക്കുന്നത്. (വി. ഖു.6:90 കാണുക)

എല്ലാ കാലഘട്ടങ്ങളിലും മുഴുവൻ പ്രവാചകൻമാരും സ്വീകരിച്ചതും, പ്രബോധന സംരംഭങ്ങളിൽ അടിസ്ഥാനപരവുമായ ഈ സമീപനം കാല, ദേശ വിത്യാസമില്ലാതെ ഓരോ പ്രബോധകനും പിൻമ്പറ്റൽ നിർബന്ധമാണ്. അഥവാ മനുഷ്യരാശിയെ സൃഷ്ടിച്ചിരിക്കുന്ന ഉദ്ദേശ്യം എന്താണ്; അതിലേക്ക് ആദ്യമായി ജനങ്ങളെ ക്ഷണിക്കുക. അതെ, ഏക ദൈവ ആരാധനയിലേക്ക് (തൗഹീദിലേക്ക്) മനുഷ്യരെ നയിക്കുക. (വി. ഖു.51:56 കാണുക) ഇതിനായിരുന്നു അവർ പ്രബോധനത്തിൽ ഏറ്റവും പ്രാധാന്യം നൽകിയിരുന്നത്. ഈ സന്ദേശം മനുഷ്യ മനസ്സിൽ രൂഢമൂലമായാലല്ലാതെ മനുഷ്യ സമുദായം ഒന്നാവുകയില്ല. മരണാന്തരം അവർക്ക് ശാശ്വതവിജയം ലഭിക്കുകയുമില്ല. (വി. ഖു.4:8 കാണുക) ഈ ഏക ദൈവ വിശ്വാസം(തൗഹീദ്) മനുഷ്യരെ ഒന്നിപ്പിക്കുകയും അന്തിമമായ വിജയം അവർക്ക് ഉണ്ടാക്കുകയും ചെയ്യുന്നു; എന്നതിനാൽ തന്നെ മുഴുവൻ പ്രവാചകന്മാരും ഇതിനാണ് ഊന്നൽ നൽകിയിരുന്നതും.

പ്രവാചകന്മാർ നടത്തിയ പ്രബോധനത്തെ വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലായി സംക്ഷിപ്തമായും വിശദമായും പറയുന്നുണ്ട് .ഈ ചരിത്രം പഠന വിധേ യമാക്കിയാൽ അവർ സ്വീകരിച്ച സരണി( മൻഹജ്) എന്തായിരുന്നു എന്ന് വ്യക്തമാവും.
(വിഖു.16:36),/21:25 കാണുക)

തൗഹീദ് പറയാത്ത ഒരു പ്രവാചകനും കഴിഞ്ഞു പോയിട്ടില്ല എന്ന് ചുരുക്കം. (തഫ്സീർ ത്വബ്രി 14/103 ) തഫ്സീർ സഹദി 2/59 എന്നിവ കാണുക.)

നൂഹ്, ഹൂദ്, സ്വാലിഹ്, ഇബ്റാഹിം, ശുഐബ്, മൂസ, ഈസ, മുഹമ്മദ്(ﷺ) എന്നീ പ്രവാചകന്മാർ എല്ലാം ഈ സന്ദേശം ഒരേ പോലെ പ്രബോധനം നടത്തിയതായി വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. അതു പോലെ മുഹമ്മദ്(ﷺ) തന്റെ അനുയായികളെ പ്രബോധനത്തിനു വേണ്ടി നിയോഗിക്കുമ്പോഴും മുൻഗണന നൽകാൻ ആവശ്യപ്പെട്ടിരുന്നത് ഏകദൈവവിശ്വാസത്തിനായിരുന്നു. (ബുഖാരിയുടെ വിവരണമായ ഫത്ഹുൽ ബാരി ഹദീസ് നമ്പർ 14,58 കാണുക).

എല്ലാ പ്രവാചകന്മാരും ഒരേ പോലെ പ്രാധാന്യം നൽകിയിരുന്നത് തൗഹീദിനായിരുന്നു എന്ന് സാരം. എന്നാൽ വിശ്വാസ ജീർണതകൾക്കെതിരെ പ്രബോധനം നടത്തിയതിനു ശേഷം മറ്റു സാമൂഹ്യജീർണതകൾക്കെതിരെയും അവർ സംസാരിച്ചിട്ടുണ്ട്. പക്ഷെ അവയെല്ലാം കാല ദേശത്തിനനുസരിച്ച് മാറ്റ മുണ്ടായിരുന്നു എന്നത് വ്യക്തമാണ്. ലൂത്ത്(عليه السلام) നിലവിലുണ്ടായിരുന്ന ലൈംഗിക വേഴ്ചയെയാണ് എതിർത്തതെങ്കിൽ ശുഐബ്(عليه السلام) കച്ചവട രംഗത്തെ അഴിമതിയെ ആയിരുന്നു എതിർത്തിരുന്നത്. മൂസ(عليه السلام) തന്റെ ഗോത്രത്തെ അടിച്ചമർത്തിയിരുന്ന ഫിർഔനിന്റെ മർദ്ദനത്തിനെതിരെ ആയിരുന്നു സംസാരിച്ചിരുന്നത്.

ഇതിൽ നിന്നൊക്കെ മനസ്സിലാവുന്നത് എന്താണ്? .തൗഹീദിന് എല്ലാ പ്രവാചകന്മാരും ഒരേ പോലെ പ്രാധാന്യം നൽകുകയും എന്നാൽ തങ്ങളുടെ ജനതയിൽ ഉണ്ടായിരുന്ന ജീർണതയിൽ ഏറ്റവും മോശമായതിനെ അവർ എതിർക്കുകയും ചെയ്തു എന്നല്ലേ. തൗഹീദിനാണ് എല്ലാ കാലഘട്ടങ്ങളിലും മാറ്റമില്ലാതെ പ്രാധാന്യം നൽകേണ്ടത് എന്നുമല്ലേ.? അതേപോലെ മാനുഷിക ഗവേഷണത്തിന് അവിടെ പഴുതുകളില്ല. കാല, ദേശ, സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റംവരുത്തുവാനും പാടില്ല. മാത്രമല്ല , അതിന്റെ സാക്ഷാൽകാരത്തിലൂടെ മാത്രമേ യാഥാർതഥ ഐക്യം (وحدة الكلمة) സാധ്യമാവുകയുമുള്ളൂ. അതിനാൽ തൗഹീദിൽ നിന്ന് ആരംഭിക്കുന്ന പ്രബോധനം ശേഷം സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും ഗുരുതരമായ മറ്റു ജീർണതകൾക്കെതിരെയും തുടർന്നു കൊണ്ടിരിക്കുക. ഇതായിരുന്നു പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ മാർഗ്ഗം. അതാണ് നാമും പിന്തുടരേണ്ടത്. *(മുഹമ്മദ് അൽ അദ്‌വിയുടെ 'പ്രവാചകന്മാരുടെ പ്രബോധനം' എന്ന ഗ്രന്ഥം കാണുക.)*

(സൗദി അറേബ്യയിലെ ദാറുൽ ഇഫ്ത പ്രസിദ്ധീകരിച്ച ഇസ്ലാമിക ഗവേഷണങ്ങൾ എന്ന ഗ്രന്ഥത്തോട് കടപ്പാട്)

وصلى الله على محمد وآله وصحبه وسلم